PROSPECTUS FOR ADMISSION TO

# DIPLOMA PROGRAMMES IN AYURVEDA ALLIED HEALTH SCIENCES




**Amala**
AYURVEDIC HOSPITAL & RESEARCH CENTRE
NABH Accredited | ISO 9001:2015 | Ayur Diamond

ഡിപ്ലോമ ഇൻ

- ആയുർവേദ നഴ്സിംഗ്
- ആയുർവേദ ഫാർമസി
- ആയുർവേദ തെറാപ്പി

# AMALA AYURVEDA HOSPITAL AND RESEARCH CENTRE

Amala Institute of Medical Sciences (AIMS), named after the Blessed Virgin Mary, is a multidisciplinary medical institution offering comprehensive healthcare, education, research, and community outreach programmes. Amala Institute of Medical Sciences traces its origin to Amala Cancer Hospital, established in 1978 by Padma Bhushan Fr. Gabriel Chiramel CMI, the Founder Director of the institution. The institute is managed by the Devamatha Province of the CMI Congregation, founded by Saint Kuriakose Elias Chavara.

Amala Ayurvedic Hospital and Research Centre is an 85-bedded Ayurveda hospital committed to delivering quality healthcare through the integration of traditional Ayurvedic principles with modern medical infrastructure. Established in February 1982 in the Amala Institute of Medical Sciences campus, the hospital has evolved into a centre for patient care, education, and research in Ayurveda. The hospital also has an in-house Ayurvedic medicine manufacturing unit. It provides authentic Ayurvedic treatment for a broad spectrum of diseases, including rheumatic disorders, peptic ulcer, psoriasis, hemiplegia, paraplegia, facial paralysis, and various other acute and chronic ailments.

Amala Cancer Hospital and Research Centre was established in 1978 as charitable institution aimed at treatment and management of Cancer in Central Kerala. Over the years, Amala has grown to become one of the major voluntary territory level hospitals in India having modern diagnostic, therapeutic and research facilities to combat Cancer and other ailments. This 1000 bed hospital complex is unique in having three principal systems of medicines namely Allopathy, Ayurveda and Homoeopathy in the same campus. Over the years, Amala evolved into a full-fledged Medical College with more than 25 clinical and super-specialty departments, offering advanced medical education, patient care, and research alongside its expanding healthcare services.

At present, Amala is home to a Medical College, Ayurvedic Hospital & Research Centre, College of Nursing, College of Allied Health Sciences, Homeopathic Hospital and Research Centre, School of Nursing, Medicine Preparation Unit associated with Amala Ayurvedic Hospital and Bethanygram (A home for the aged). Amala has a dedicated Research Unit that promotes interdisciplinary research, clinical innovation and evidence-based healthcare across its various medical specialties.

## 1. VISION

To be a foremost teaching hospital known for its excellence in holistic health care, quality education and research.

## 2. MISSION

- Employing the best possible staff
- Providing state-of-the-art facilities in an eco-friendly ambience.
- Imparting affordable, inclusive, quality health care to all.
- Catering to the physical, emotional and spiritual needs of the patients.
- Following merit based transparent and non-exploitative admission procedure.
- Challenging our students to become forward-looking, dedicated health care personnel with the hallmarks of competence, integrity and compassion.
- Instilling in the staff and students respect for life at every stage of its growth and in all its manifestations.
- Inspiring the students to reach out to the poor and the marginalized, especially those in the rural areas.
- Promoting, innovative research that will benefit the humanity

## 3. VALUES

- Honour
- Compassion
- Abundance
- Ethical Professionalism
- Homely Feeling

**2026–27 അധ്യയന വർഷത്തിൽ കേരള സർക്കാർ അംഗീകരിച്ച ആയുർവേദ നഴ്സിംഗ്, ആയുർവേദ ഫാർമസി, ആയുർവേദ തെറാപ്പി എന്നീ ഡിപ്ലോമ കോഴ്സുകളിലേക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട പൊതുവിവരങ്ങളും നിയമങ്ങളും ഈ പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിരിക്കുന്നു.**

## ഡിപ്ലോമ ഇൻ ആയുർവേദ നഴ്സിംഗ്

**കോഴ്സിന്റെ ദൈർഘ്യം: 1 വർഷം.**

ഈ കോഴ്സിൽ 10 മാസത്തെ അക്കാദമിക് പരിശീലനവും, തുടർന്ന് പരീക്ഷ വിജയകരമായി പൂർത്തിയാക്കിയ ശേഷം വിദ്യാർത്ഥി പഠിക്കുന്ന അതേ സ്ഥാപനത്തിൽ നിർബന്ധിതമായ 2 മാസത്തെ ഇന്റേൺഷിപ്പും ഉൾപ്പെടുന്നതാണ്.

## ഡിപ്ലോമ ഇൻ ആയുർവേദ ഫാർമസി

**കോഴ്സിന്റെ ദൈർഘ്യം: 1 വർഷം 8 മാസം**

ഈ കോഴ്സിൽ 1 വർഷവും 6 മാസവും ദൈർഘ്യമുള്ള അക്കാദമിക് പരിശീലനവും, തുടർന്ന്, പരീക്ഷ വിജയകരമായി പൂർത്തിയാക്കിയ ശേഷം, വിദ്യാർത്ഥി പഠിക്കുന്ന അതേ സ്ഥാപനത്തിൽ നിർബന്ധിതമായ 2 മാസത്തെ ഇന്റേൺഷിപ്പും ഉൾപ്പെടുന്നതാണ്.

## ഡിപ്ലോമ ഇൻ ആയുർവേദ തെറാപ്പി

**കോഴ്സിന്റെ ദൈർഘ്യം: 2 വർഷം**

ഈ കോഴ്സിൽ 1 വർഷവും 6 മാസവും ദൈർഘ്യമുള്ള അക്കാദമിക് പരിശീലനവും, തുടർന്ന് പരീക്ഷ വിജയകരമായി പൂർത്തിയാക്കിയ ശേഷം വിദ്യാർത്ഥി പഠിക്കുന്ന അതേ സ്ഥാപനത്തിൽ നിർബന്ധിതമായ 6 മാസത്തെ ഇന്റേൺഷിപ്പും ഉൾപ്പെടുന്നതാണ്.

2026–27 അധ്യയന വർഷത്തേക്കുള്ള ആയുർവേദ ഡിപ്ലോമ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം താഴെപ്പറയുന്ന രണ്ട് വിഭാഗങ്ങളിലൂടെയാണ് നടത്തപ്പെടുന്നത്:

### സർക്കാർ ക്വാട്ട (Government Quota)

ഈ സീറ്റുകളിലേക്കുള്ള പ്രവേശനം എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി (LBS Centre for Science and Technology) പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ, അതേ സ്ഥാപനം നടത്തുന്ന കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയ (Centralized Allotment Process - CAP) വഴിയായിരിക്കും നടത്തപ്പെടുക. വെബ്സൈറ്റ്: www.lbscentre.kerala.gov.in

## മാനേജ്മെന്റ് ക്വാട്ട (Management Quota)

സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെയും സ്വാശ്രയ (Self-financing) സ്ഥാപനങ്ങളിലെയും മാനേജ്മെന്റ് ക്വാട്ടയ്ക്ക് മാറ്റിവെച്ചിരിക്കുന്ന സീറ്റുകൾ, നില വിലുള്ള സർക്കാർ ഉത്തരവുകൾ, ചട്ടങ്ങൾ, യോഗ്യതാ മാനദണ്ഡങ്ങൾ എന്നിവയ്ക്ക് അനുസൃതമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ മാനേജ്മെന്റുകൾ നേരിട്ട് നികത്തുന്ന തായിരിക്കും.

| കോഴ്സ് | സർക്കാർ സീറ്റ് | മാനേജ്മെന്റ് സീറ്റ് |
|---|---|---|
| ഡിപ്ലോമ ഇൻ ആയുർവേദ നഴ്സിംഗ് | 15 | 15 |
| ഡിപ്ലോമ ഇൻ ആയുർവേദ ഫാർമസി | 13 | 12 |
| ഡിപ്ലോമ ഇൻ ആയുർവേദ തെറാപ്പി | 15 | 15 |

### മാനേജ്മെന്റ് ക്വാട്ട അഡ്മിഷനുള്ള ഫീസ് ഘടന

| ഫീസ് വിഭാഗം | ഡിപ്ലോമ ഇൻ ആയുർവേദ നഴ്സിംഗ് | ഡിപ്ലോമ ഇൻ ആയുർവേദ തെറാപ്പി | | ഡിപ്ലോമ ഇൻ ആയുർവേദ ഫാർമസി | |
|---|---|---|---|---|---|
| | വാർഷിക ഫീസ് | ഒന്നാം വർഷം | രണ്ടാം വർഷം | ഒന്നാം വർഷം | രണ്ടാം വർഷം |
| ട്യൂഷൻ ഫീസ് | 25,000 | 25,000 | 25,000 | 25,000 | 25,000 |
| കോഷൻ ഡെപ്പോസിറ്റ് | 2000 | 2000 | | 2000 | |

കുറിപ്പ്: മുകളിൽ പറഞ്ഞിരിക്കുന്ന ഫീസിൽ പഠനസാമഗ്രികളുടെയും (Study Materials) യൂണിഫോമിന്റെയും ചെലവ് ഉൾപ്പെടുത്തിയിട്ടില്ല. പഠനസാമഗ്രികൾക്കും യൂണിഫോ മിനും വേണ്ട തുക പ്രത്യേകം അടയ്ക്കേണ്ടതാണ്.

## പ്രവേശനത്തിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ

### 1. നേറ്റിവിറ്റി (Nativity)

പ്രത്യേകമായി അറിയിപ്പ് നൽകിയിട്ടില്ലെങ്കിൽ, DAAHS കോഴ്സുകളിലേക്കുള്ള പ്രവേ ശനത്തിന് ഇന്ത്യൻ പൗരന്മാർക്ക് മാത്രമേ അർഹതയുള്ളൂ. OCI (Overseas Citizen of India) കാർഡ് ഉടമകൾ (PIO കാർഡ് ഉടമകൾ ഉൾപ്പെടെ) NRI (Non-Resident Indian) സീറ്റുകളിലോ അല്ലെങ്കിൽ സൂപ്പർന്യൂമററി (Supernumerary) സീറ്റുകളിലോ മാത്രമേ പ്രവേ ശനത്തിന് അർഹരായിരിക്കൂ. ഇന്ത്യൻ പൗരന്മാർക്കായി മാത്രം സംവരണം ചെയ്തിരി ക്കുന്ന സീറ്റുകളിലേക്ക് OCI കാർഡ് ഉടമകൾക്ക് പ്രവേശനത്തിന് അർഹത ഉണ്ടായി രിക്കുന്നതല്ല. (ഇത് 2021 മാർച്ച് 4 ലെ ഇന്ത്യാ ഗവൺമെന്റ് ഗസറ്റ് വിജ്ഞാപനവും G.O.(Rt) No.1264/2021/HEDN, തീയതി 23.09.2021 ഉം അനുസരിച്ചാണ്.)

DAAHS കോഴ്സുകളിലേക്ക് പ്രവേശനം തേടുന്ന ഉദ്യോഗാർത്ഥികളെ കേരളീയർ (Keralite), കേരളീയരല്ലാത്തവർ (Non-Keralite Category) എന്നിങ്ങനെ വിഭാഗീകരിക്കും. കേരളീയരല്ലാത്ത വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളെ സർക്കാർ സീറ്റുകളിലെ 'സ്റ്റേറ്റ് മെറിറ്റ്' (State Merit) സീറ്റുകൾക്കും മാനേജ്മെന്റ് ക്വാട്ട സീറ്റുകൾക്കും പരിഗണിക്കും. അവർക്ക് സാമുദായിക (Communal) സംവരണം, പ്രത്യേക വിഭാഗം (Special) സംവരണം, ഭിന്നശേഷിക്കാർക്കുള്ള (Persons with Disabilities) സംവരണം എന്നിവയ്ക്ക് അർഹത ഉണ്ടായിരിക്കില്ല. കൂടാതെ യാതൊരു ഫീസ് ഇളവിനും അവർക്ക് അർഹതയുണ്ടായിരിക്കില്ല.

## നേറ്റിവിറ്റി (Nativity) തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ

**കേരളീയർ** (Keralites):

അപേക്ഷകൻ/അപേക്ഷക ഇന്ത്യൻ പൗരനും കേരള വംശജനുമാണെന്ന് (പ്രവേശനത്തിനുള്ള യോഗ്യത തെളിയിക്കുന്നതിനുള്ള പരിമിതമായ ആവശ്യത്തിനായി) തെളിയിക്കുന്നതിന് താഴെപ്പറയുന്ന ഏതെങ്കിലും ഒരു സർട്ടിഫിക്കറ്റ് ഹാജരാക്കണം.

1. അപേക്ഷകൻ/അപേക്ഷകയുടെ സെക്കൻഡറി സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റിലെ (SSLC) ജനനസ്ഥലം കേരളമാണെന്ന് കാണിക്കുന്ന ബന്ധപ്പെട്ട പേജ്.

അല്ലെങ്കിൽ

2. അപേക്ഷകൻ/അപേക്ഷകയുടെ മാതാപിതാക്കളിൽ ഒരാളുടെ SSLC സർട്ടിഫിക്കറ്റിലെ ജനനസ്ഥലം കേരളമാണെന്ന് കാണിക്കുന്ന ബന്ധപ്പെട്ട പേജ്. അതോടൊപ്പം ആ മാതാപിതാവും അപേക്ഷകൻ/അപേക്ഷകയും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന അനുബന്ധ സർട്ടിഫിക്കറ്റും ഹാജരാക്കണം.

അല്ലെങ്കിൽ

3. ഇന്ത്യൻ സർക്കാർ അനുവദിച്ച അപേക്ഷകൻ/അപേക്ഷകയുടെ പാസ്പോർട്ടിലെ ജനനസ്ഥലം കേരളമാണെന്ന് കാണിക്കുന്ന ബന്ധപ്പെട്ട പേജ്. അല്ലെങ്കിൽ മാതാപിതാക്കളിൽ ഒരാളുടെ പാസ്പോർട്ടിൽ ജനനസ്ഥലം കേരളമാണെന്ന് കാണിക്കുന്ന ബന്ധപ്പെട്ട പേജ്. ഇതോടൊപ്പം മാതാപിതാവും അപേക്ഷകൻ/അപേക്ഷകയും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന സർട്ടിഫിക്കറ്റും ആവശ്യമാണ്.

അല്ലെങ്കിൽ

4. ജനന രജിസ്ട്രേഷൻ നടത്താൻ അധികാരമുള്ള സ്ഥാപനമായ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നുള്ള ജനന സർട്ടിഫിക്കറ്റ്. അതിൽ അപേക്ഷകൻ/അപേക്ഷകയുടെയോ മാതാപിതാക്കളിൽ ഒരാളുടെയോ (ഈ സാഹചര്യത്തിൽ ബന്ധം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ആവശ്യമാണ്) ജനനസ്ഥലം കേരളമാണെന്ന് രേഖപ്പെടുത്തിയിരിക്കണം.

അല്ലെങ്കിൽ

5. അപേക്ഷകൻ/അപേക്ഷകയുടെയോ അല്ലെങ്കിൽ അവരുടെ അച്ഛൻ/അമ്മയുടെയോ ജനനം കേരളത്തിലാണെന്ന് തെളിയിക്കുന്നതിനായി വില്ലേജ് ഓഫീസർ/തഹസിൽദാർ നൽകുന്ന സർട്ടിഫിക്കറ്റ്. (Annexure 1 പ്രകാരം)

അല്ലെങ്കിൽ

6. അപേക്ഷകൻ/അപേക്ഷകയുടെ മാതാപിതാക്കളിൽ ഒരാൾ കേരള കേഡറിലേക്ക് അനുവദിക്കപ്പെട്ട ഓൾ ഇന്ത്യ സർവീസ് ഓഫീസർ (All India Service Officer allotted to Kerala cadre) ആണെന്ന് തെളിയിക്കുന്നതിനായി, യോഗ്യമായ അധികാരസ്ഥാപനം Annexure 1 ൽ നൽകിയ മാതൃകയിൽ നൽകുന്ന സർട്ടിഫിക്കറ്റ്.

## 2. അക്കാദമിക് / പൊതുവായ യോഗ്യത

### ഡിപ്ലോമ ഇൻ ആയുർവേദ നഴ്സിംഗ്

**യോഗ്യത:** ജനറൽ നഴ്സിംഗ് ആൻഡ് മിഡ്‌വൈഫറി (GNM) പാസായിരിക്കണം.
**പരമാവധി പ്രായപരിധി:** ജനറൽ വിഭാഗം: 33 വയസ്സ്, SC/ST വിഭാഗം: 38 വയസ്സ്, വിമുക്ത ഭടന്മാർ (Ex-service persons): 40 വയസ്സ്.
**പ്രായം കണക്കാക്കുന്ന തീയതി:** 01.07.2026

**കുറിപ്പ്:** ഭിന്നശേഷിക്കാരായ (PWD) ഉദ്യോഗാർത്ഥികൾക്ക് ഡിപ്ലോമ ഇൻ ആയുർവേദ നഴ്സിംഗ് കോഴ്സിലേക്കുള്ള പ്രവേശനത്തിന് അർഹതയില്ല.

### ഡിപ്ലോമ ഇൻ ആയുർവേദ തെറാപ്പി

**യോഗ്യത:** പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം.
**പരമാവധി പ്രായപരിധി:** ജനറൽ വിഭാഗം: 33 വയസ്സ്, SC/ST വിഭാഗം: 38 വയസ്സ്, വിമുക്ത ഭടന്മാർ (Ex-service persons): 40 വയസ്സ്
**പ്രായം കണക്കാക്കുന്ന തീയതി:** 01.07.2026

**ശാരീരിക യോഗ്യത**
(ഡിപ്ലോമ ഇൻ ആയുർവേദ തെറാപ്പി കോഴ്സിന് മാത്രം ബാധകം)

ഉദ്യോഗാർത്ഥികൾ നല്ല ശാരീരിക ആരോഗ്യനിലയിലായിരിക്കണം. താഴെ പറയുന്ന ശാരീരിക മാനദണ്ഡങ്ങൾ പാലിക്കണം:

**പുരുഷ ഉദ്യോഗാർത്ഥികൾ:**
കുറഞ്ഞ ഉയരം: 162.5 സെ.മീ., കുറഞ്ഞ ഭാരം: 46 കിലോ
**സ്ത്രീ ഉദ്യോഗാർത്ഥികൾ:**
കുറഞ്ഞ ഉയരം: 147 സെ.മീ., കുറഞ്ഞ ഭാരം: 36 കിലോ

കുറിപ്പ്: ഭിന്നശേഷിക്കാരായ (PWD) ഉദ്യോഗാർത്ഥികൾക്ക് ഡിപ്ലോമ ഇൻ ആയുർവേദ തെറാപ്പി കോഴ്സിലേക്കുള്ള പ്രവേശനത്തിന് അർഹതയില്ല.

### ഡിപ്ലോമ ഇൻ ആയുർവേദ ഫാർമസി

**യോഗ്യത:** പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം.
**പരമാവധി പ്രായപരിധി:** ജനറൽ വിഭാഗം: 33 വയസ്സ്, SC/ST വിഭാഗം: 38 വയസ്സ്,

വിമുക്ത ഭടന്മാർ (Ex-service persons): 40 വയസ്സ്
**പ്രായം കണക്കാക്കുന്ന തീയതി:** 01.07.2026.

**കുറിപ്പ്:** ആയുർവേദ നഴ്സിംഗ്, ആയുർവേദ തെറാപ്പി, ആയുർവേദ ഫാർമസി എന്നീ ഡിപ്ലോമ കോഴ്സുകളിലെ മാനേജ്മെന്റ് ക്വാട്ട പ്രവേശനത്തിന് വിവാഹം കഴിക്കാത്ത (അവിവാഹിതരായ) ഉദ്യോഗാർത്ഥികൾക്ക് മാത്രമേ അർഹത ഉണ്ടായിരിക്കൂ.

## മാനേജ്മെന്റ് സീറ്റുകളിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രക്രിയ

മാനേജ്മെന്റ് ക്വാട്ടയിൽ ഉൾപ്പെടുന്ന ഡിപ്ലോമ ഇൻ ആയുർവേദ നഴ്സിംഗ്, ഡിപ്ലോമ ഇൻ ആയുർവേദ തെറാപ്പി, ഡിപ്ലോമ ഇൻ ആയുർവേദ ഫാർമസി എന്നീ കോഴ്സുകളിലേക്കുള്ള പ്രവേശനം, യോഗ്യതാ പരീക്ഷയിൽ നേടിയ മാർക്കുകളും അഭിമുഖത്തിലെ പ്രകടനവും അടിസ്ഥാനമാക്കി തയ്യാറാക്കുന്ന മെറിറ്റ് പ്രകാരമായിരിക്കും.

- ഡിപ്ലോമ ഇൻ ആയുർവേദ നഴ്സിംഗ് കോഴ്സിനുള്ള യോഗ്യതാ പരീക്ഷ ജനറൽ നഴ്സിംഗ് ആൻഡ് മിഡ്‌വൈഫറി (GNM) പരീക്ഷ ആയിരിക്കും.

- ഡിപ്ലോമ ഇൻ ആയുർവേദ തെറാപ്പി, ഡിപ്ലോമ ഇൻ ആയുർവേദ ഫാർമസി എന്നീ കോഴ്സുകൾക്കുള്ള യോഗ്യതാ പരീക്ഷ ഹയർ സെക്കൻഡറി (പ്ലസ് ടു) അല്ലെങ്കിൽ തത്തുല്യ പരീക്ഷ ആയിരിക്കും.

അപേക്ഷകളും സർട്ടിഫിക്കറ്റുകളും പരിശോധിച്ച ശേഷം യോഗ്യരായ അപേക്ഷകരെ സെലക്ഷൻ കമ്മിറ്റി അഭിമുഖത്തിനായി വിളിക്കുന്നതാണ്. നിശ്ചയിച്ചിട്ടുള്ള തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സെലക്ഷൻ കമ്മിറ്റി തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ പട്ടിക തയ്യാറാക്കുന്നതാണ്.

അഭിമുഖ സമയത്ത് ഉദ്യോഗാർത്ഥികൾ എല്ലാ ഒറിജിനൽ സർട്ടിഫിക്കറ്റുകളും മറ്റ് ആവശ്യമായ രേഖകളും പരിശോധനയ്ക്കായി ഹാജരാക്കണം. അഭിമുഖത്തിന്റെ തീയതി, സമയം, വേദി എന്നിവ പ്രത്യേകം അറിയിക്കുന്നതാണ്.

## അപേക്ഷിക്കേണ്ട വിധം

മാനേജ്മെന്റ് ക്വാട്ടയിൽ ഉൾപ്പെടുന്ന കോഴ്സുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ www.amalaayurveda.org എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷിക്കണം. അപേക്ഷാ നടപടിക്രമം പൂർണ്ണമായും ഓൺലൈൻ ആയിരിക്കും.

അപേക്ഷാ ഫീസായി 250/ രൂപ, NEFT/RTGS/UPI വഴി അടയ്ക്കണം. അടച്ച അപേക്ഷാ ഫീസ് യാതൊരു സാഹചര്യത്തിലും തിരികെ നൽകുന്നതല്ല.

അപേക്ഷയിൽ ആവശ്യമായ അടിസ്ഥാന വിവരങ്ങൾ ഓൺലൈനായി പൂരിപ്പിക്കണം. ഉദ്യോഗാർത്ഥി നൽകുന്ന വിവരങ്ങൾ അപേക്ഷാ നടപടികൾക്കായി ഉപയോഗിക്കുന്നതാണ്. അപേക്ഷകൻ താൻ അപേക്ഷിക്കാൻ ആഗ്രഹിക്കുന്ന കോഴ്സ് തിരഞ്ഞെടുക്കണം.

ആവശ്യമായ എല്ലാ വിവരങ്ങളും കൃത്യമായി നൽകി അപേക്ഷാ ഫോം പൂർത്തിയാക്കണം. അപേക്ഷയിൽ തെറ്റായ വിവരങ്ങൾ നൽകുകയോ പ്രസക്തമായ വിവരങ്ങൾ മറച്ചുവയ്ക്കുകയോ ചെയ്താൽ പ്രവേശനത്തിന്റെ ഏത് ഘട്ടത്തിലും അപേക്ഷ റദ്ദാക്കുന്നതാണ്.

പൂർണ്ണമല്ലാത്ത അപേക്ഷകളും, അവസാന തീയതിക്ക് ശേഷം സമർപ്പിക്കുന്ന അപേക്ഷകളും യാതൊരു പരിഗണനയും കൂടാതെ നിരസിക്കുന്നതാണ്.

അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് നൽകിയിട്ടുള്ള എല്ലാ വിവരങ്ങളും ശരിയാണെന്ന് ഉദ്യോഗാർത്ഥികൾ ഉറപ്പാക്കണം.

## ഓൺലൈൻ പോർട്ടലിൽ അപ്ലോഡ് ചെയ്യേണ്ട സർട്ടിഫിക്കറ്റുകൾ/രേഖകൾ

1. ജനനത്തീയതി തെളിയിക്കുന്നതിനായി എസ്.എസ്.എൽ.സി. ബുക്കിന്റെ സ്കാൻ ചെയ്ത പകർപ്പ് അല്ലെങ്കിൽ അതിന് തുല്യമായ മറ്റേതെങ്കിലും രേഖ.
2. നേറ്റിവിറ്റി (Nativity) തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്.
3. അക്കാദമിക് യോഗ്യത തെളിയിക്കുന്നതിനായി യോഗ്യതാപരീക്ഷയുടെ മാർക്ക് ലിസ്റ്റ്.
4. പാസ്പോർട്ട് സൈസ് ഫോട്ടോ.

ഓൺലൈൻ അപേക്ഷ വിജയകരമായി സമർപ്പിച്ചതിന് ശേഷം, അപേക്ഷയുടെ കൺഫർമേഷൻ പേജിന്റെ പ്രിന്റൗട്ട് സൂക്ഷിക്കണം.

പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാഫോമിന്റെ ഹാർഡ് കോപ്പിയും ആവശ്യമായ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ (Self-attested) പകർപ്പുകളും അമല ആയുർവേദ അഡ്മിഷൻ ഡെസ്കിൽ സമർപ്പിക്കണം.

ഓൺലൈൻ അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി: 05/09/2026

## അക്കൗണ്ട് വിവരങ്ങൾ

| | |
|---|---|
| അക്കൗണ്ട് പേര് | Amala Cancer Hospital Society |
| അക്കൗണ്ട് നമ്പർ | 0462053000001807 |
| ബാങ്ക് | South Indian Bank Ltd. |
| ശാഖ | Amala Nagar Branch |
| IFSC കോഡ് | SIBL0000462 |

ഇന്റർവ്യൂ കഴിഞ്ഞുള്ള ദിവസം അമല ആയുർവേദിക് ഹോസ്പിറ്റൽ ആൻഡ്  റിസർച്ച് സെന്ററിന്റെ പ്രിൻസിപ്പൽ തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ പട്ടിക പ്രസിദ്ധീക രിക്കുന്നതാണ്.

## പ്രവേശനം (ADMISSION)

1. തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളെ പ്രവേശനത്തിന്റെ തീയതിയും സമയവും അറിയിക്കുന്നതാണ്.
2. പ്രവേശന സമയത്ത് ഉദ്യോഗാർത്ഥി ഒന്നാം വർഷത്തെ മുഴുവൻ കോഴ്സ് ഫീസും അടയ്ക്കണം.
3. പ്രവേശനം സ്ഥിരീകരിക്കുന്നതിനായി ഉദ്യോഗാർത്ഥികൾ താഴെപ്പറയുന്ന അസൽ സർട്ടിഫിക്കറ്റുകൾ/രേഖകൾ പ്രവേശന സമയത്ത് സമർപ്പിക്കണം.
4. സീറ്റ് ലഭിച്ച ഉദ്യോഗാർത്ഥികൾ അറിയിച്ചിരിക്കുന്ന തീയതിയിൽ ആവശ്യമായ അസൽ രേഖകളുമായി ബന്ധപ്പെട്ട സ്ഥാപനത്തിലെ പ്രിൻസിപ്പൽ/മേധാവിയുടെ മു മ്പാകെ ഹാജരായി പ്രവേശനം പൂർത്തിയാക്കണം.

### മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടുന്ന സമയത്ത് ഹാജരാക്കേണ്ട ഒറിജിനൽ രേഖകൾ

1. ഓൺലൈൻ അപേക്ഷയുടെ കൺഫർമേഷൻ പേജിന്റെ പ്രിന്റൗട്ട്.
2. ജനന തീയതിയുടെ തെളിവായി എസ്.എസ്.എൽ.സി. ബുക്ക് അല്ലെങ്കിൽ മറ്റ് പ്രസക്തമായ രേഖ.
3. യോഗ്യതാ പരീക്ഷയുടെ ഒറിജിനൽ സർട്ടിഫിക്കറ്റും മാർക്ക് ലിസ്റ്റും.
4. വിദ്യാർത്ഥി അവസാനമായി പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള ട്രാൻസ്ഫർ സർട്ടിഫി ക്കറ്റ് (Transfer Certificate) കൂടാതെ കണ്ടക്ട് സർട്ടിഫിക്കറ്റ് (Conduct Certificate).
5. ഓൺലൈനായി അപ്ലോഡ് ചെയ്ത എല്ലാ രേഖകളുടെയും ഒറിജിനൽ പകർപ്പുകൾ.
6. വിദ്യാർത്ഥിയുടെ രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകൾ.
7. യോഗ്യതാ പരീക്ഷയുടെ എലിജിബിലിറ്റി സർട്ടിഫിക്കറ്റ് / ഇക്വിവലൻസി സർട്ടിഫിക്കറ്റ് (if applicable)
8. മറ്റ് സർവകലാശാലകളിൽ നിന്നോ ബോർഡുകളിൽ നിന്നോ യോഗ്യത നേടിയ വിദ്യാ ർത്ഥികൾ പ്രവേശന സമയത്ത് മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

**ഫീസ് തിരിച്ചടവ്:** പ്രവേശനത്തിന്റെ അവസാന തീയതിക്ക് മുമ്പ് പ്രവേശനം റദ്ദാക്കുന്ന വിദ്യാർത്ഥികൾക്ക് അടച്ച ഫീസ് തിരികെ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും. വി ദ്യാർത്ഥിക്ക് തിരികെ നൽകേണ്ട തുകയ്ക്ക് യാതൊരു പലിശയും നൽകുന്നതല്ല.

## റാഗിങ്ങിനെതിരെയുള്ള പ്രതിരോധ നടപടികൾ:

കേരള റാഗിങ്ങ് നിരോധന നിയമം, 1998 പ്രകാരം, ഒരു വിദ്യാഭ്യാസ സ്ഥാപനത്തിലെ വിദ്യാർത്ഥിയോട് ക്രമരഹിതമായ പെരുമാറ്റത്തിലൂടെ ശാരീരികമോ മാനസികമോ ആയ ദോഷം ഉണ്ടാക്കുകയോ, അത്തരം ദോഷം ഉണ്ടാകാനുള്ള സാധ്യത സൃഷ്ടിക്കുകയോ, ഭയം, അപമാനം, ലജ്ജ എന്നിവ ഉണ്ടാക്കുകയോ ചെയ്യുന്ന ഏതൊരു പ്രവൃത്തിയെയും 'റാഗിങ്ങ്' എന്ന് വിളിക്കുന്നു. ഇതിൽ വിദ്യാർത്ഥികളെ കളിയാക്കുക, അധിക്ഷേപിക്കുക, പ്രായോഗിക തമാശകൾ നടത്തുക, ഉപദ്രവിക്കുക, അല്ലെങ്കിൽ സാധാരണ സാഹചര്യത്തിൽ ആ വിദ്യാർത്ഥി ചെയ്യാൻ താൽപര്യമില്ലാത്ത ഏതെങ്കിലും പ്രവൃത്തി ചെയ്യാൻ നിർബന്ധിക്കുക എന്നിവയും ഉൾപ്പെടുന്നു.

2007 മെയ് 16ന് ഇന്ത്യയുടെ ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ (SLP No. (S) 24295 of 2006, University of Kerala Vs Council, Principal's, Colleges, Kerala & Ors [SLP (C) No.24296-99/2004, W.P (Crl) No.173/2006, SLP (C) No.14356/2005 എന്നിവയുമായി ബന്ധപ്പെട്ടത്) കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിങ്ങ് ഫലപ്രദമായി തടയുന്നതിനുള്ള സുപ്രീം കോടതി അംഗീകരിച്ച ശുപാർശകളും എല്ലാ സ്ഥാപനങ്ങളും പാലിക്കേണ്ടതാണ്.

പ്രവേശനത്തിനായി അപേക്ഷിച്ച വിദ്യാർത്ഥി മുൻകാലങ്ങളിൽ റാഗിങ്ങിൽ ഏർപ്പെട്ടതായി കണ്ടെത്തുകയോ, പിന്നീട് റാഗിംഗിൽ ഏർപ്പെട്ടതായി ശ്രദ്ധയിൽപ്പെടുകയോ ചെയ്താൽ, വിദ്യാർത്ഥി/വിദ്യാർത്ഥിനിയുടെ പ്രവേശനം നിരസിക്കുകയോ വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്ന് പുറത്താക്കുകയോ ചെയ്യാവുന്നതാണ്.

റാഗിങ്ങ് ഫലപ്രദമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സ്ഥാപന അധികാരികളുടെ കൂട്ടായ ഉത്തരവാദിത്തമായിരിക്കും. റാഗിങ്ങ് വിരുദ്ധ സമിതികളും (Anti-Ragging Committees) റാഗിങ്ങ് വിരുദ്ധ സ്ക്വാഡുകളും (Anti-Ragging Squads) രൂപീകരിച്ച് റാഗിങ്ങ് തടയുന്നതിനുള്ള കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുകയും, ബന്ധപ്പെട്ട നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുകയും നിരീക്ഷിക്കുകയും വേണം.

സ്ഥാപനത്തിലെ ഓരോ വിദ്യാർത്ഥി / വിദ്യാർത്ഥിനിയുടെ മാതാപിതാക്കളും അല്ലെങ്കിൽ രക്ഷിതാവും പ്രവേശന സമയത്ത് Annexure 2ൽ നൽകിയിരിക്കുന്ന നിശ്ചിത മാതൃകയിലുള്ള സംയുക്ത സത്യവാങ്മൂലം (Undertaking) സമർപ്പിക്കേണ്ടതാണ്. ഈ സത്യവാങ്മൂലം പ്രവേശനത്തിന് നിർബന്ധമാണ്.

## നഷ്ടപരിഹാര തുക (Liquidated Damages)

**ഡിപ്ലോമ ഇൻ ആയുർവേദ നഴ്സിംഗ്:**

സർക്കാർ നിശ്ചയിച്ചിരിക്കുന്ന പ്രവേശനം അവസാനിപ്പിക്കുന്ന (cut-off date) തീയതിക്ക് ശേഷം ഏതെങ്കിലും വിദ്യാർത്ഥി  കോഴ്സിൽ നിന്ന് പിന്മാറുകയാണെങ്കിൽ, ലഭിച്ച സ്റ്റൈപെൻഡ്, അലവൻസുകൾ തുടങ്ങിയ തുകയും അതിനോടൊപ്പം 4% പലിശയും ചേർത്ത് 10,000 രൂപ നഷ്ടപരിഹാരമായി അടയ്ക്കേണ്ടതാണ്. ബാധകമായ മറ്റ് ബാധ്യതകളും അടയ്ക്കേണ്ടതാണ്. നഷ്ടപരിഹാര തുക മുഴുവൻ ബന്ധപ്പെട്ട അധികാരിക്ക് അടച്ചതിനു ശേഷം മാത്രമേ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (Transfer Certificate) അനുവദിക്കുകയുള്ളൂ.

**ഡിപ്ലോമ ഇൻ ആയുർവേദ തെറാപ്പി & ആയുർവേദ ഫാർമസി:**

സർക്കാർ നിശ്ചയിച്ചിരിക്കുന്ന പ്രവേശനം അവസാനിപ്പിക്കുന്ന തീയതിക്ക് ശേഷം ഏതെങ്കിലും വിദ്യാർത്ഥി കോഴ്സിൽ നിന്ന് പിന്മാറുകയാണെങ്കിൽ, ലഭിച്ച സ്റ്റൈപെൻഡ്, അലവൻസുകൾ തുടങ്ങിയ തുകയും അതിനോടൊപ്പം 4% പലിശയും ചേർത്ത് 20,000 രൂപ നഷ്ടപരിഹാരമായി അടയ്ക്കേണ്ടതാണ്. ബാധകമായ മറ്റ് ബാധ്യതകളും അടയ്ക്കേണ്ടതാണ്. നഷ്ടപരിഹാര തുക മുഴുവൻ ബന്ധപ്പെട്ട അധികാരിക്ക് അടച്ചതിനു ശേഷം മാത്രമേ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് അനുവദിക്കുകയുള്ളൂ.

## ഹോസ്റ്റൽ സൗകര്യങ്ങൾ

സ്ഥാപനം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യങ്ങൾ ലഭ്യതയ്ക്ക് വിധേയമായി നൽകുന്നതാണ്. ഹോസ്റ്റൽ താമസ സൗകര്യം തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾ നിശ്ചയിച്ചിരിക്കുന്ന ഹോസ്റ്റൽ ഫീസും മെസ്സ് ചാർജുകളും പ്രത്യേകം അടയ്ക്കേണ്ടതാണ്. ഹോസ്റ്റൽ, മെസ്സ് ഫീസ് സംബന്ധിച്ച വിശദാംശങ്ങൾ പ്രവേശന സമയത്ത് അറിയിക്കുന്നതാണ്.

## All enquires to:

Principal
Amala Ayurvedic Hospital and Research Centre
Amala Nagar, Thrissur – 680555
Phone : 04872303000, 9188303000



ANNEXURE 1

# CERTIFICATE TO PROVE NATIVITY FOR KERALITES

Candidate should submit ANY ONE of the following certificates:

1. Self attested copy of Birth Certificate/SSLC/Relevant page of the Passport of candidate showing the candidate's place of birth in Kerala.

or

2. Self attested copy of Birth Certificate/SSLC/Relevant page of the Passport of candidate's father/mother showing their place of birth in Kerala along with corroborative certificate to establish the relationship between the parent and the candidate.

or

3. Original certificate issued by the competent authority showing that the parent is an AIS officer allotted to Kerala cadre with corroborative evidence proving the relationship between the candidate and the parent.

(In the absence of above certificates, obtain the following certificate from the Revenue officials to prove nativity)

## CERTIFICATE OF BIRTH

### In case the candidate is born in Kerala

Certified that, Shri/Smt/Kum ..................................................
House ......................................Village..........................
District ..........................is an Applicant for the Admission to the DAAHS Courses 2026 and he/she was born in Kerala.

### In case any of the parents are born in Kerala

Certified that, Shri/Smt/Kum ..............................................is an

Applicant for the Admission to the DAAHS Courses 2026 and his/her father/

mother Shri/Smt ........................House .............................

Village ......................District ......................was born in Kerala.

Signature of Village Officer / Tahsildar / Any Competent Revenue Authority
Name and Designation
Place:
Date:
(office seal)

## CERTIFICATE TO PROVE NATIVITY FOR KERALITES

Certified that Master/Kum ................................................................ an applicant for admission to the Professional Degree Courses, Kerala 2026 is the son/daughter of Shri/Smt ....................... ...................................

............................................................ (Official address) who is a serving officer of All India Service, Kerala cadre of ......... ....................batch.

Signature of Competent Authority:

Place: Name:

Date : Designation:



ANNEXURE 2

## UNDERTAKING FROM THE STUDENTS AS PER THE PROVISIONS OF ANTI-RAGGING VERDICT BY THE HON'BLE SUPREME COURT OF INDIA

I, Mr./Ms. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . Application No. . . . . . . . . . . . . . . . . . Course: . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . student of . . . . . . . . . . . . . . . . . do hereby undertake on this day . . . . . . . . . . . . . . . . Month . . . . . . . . . . . . . Year . . . . . . . . . . the following with respect to above subject and Office Order No: . . . . . . . . . . . . . . . . . . . . . . . . .

1. That I have read and understood the directives of the Hon'ble Supreme Court of India on anti-ragging and the measures proposed to be taken in the above references.
2. That I understand the meaning of Ragging and know that the ragging in any form is a punishable offence and the same is banned by the Court of Law.
3. That I have not been found or charged for my involvement in any kind of ragging in the past. However undertake to face disciplinary action/legal proceedings including expulsion from the institute if the above statement is found to be untrue or the facts are concealed, at any stage in future.
4. That I shall not resort to ragging in any form at any place and shall abide by the rules/laws prescribed by the Courts, Govt. of India and Institute authorities for the purpose from time to time.

. . . . . . . . . . . . . . . . . . . . . .
(Signature of Student)

I hereby fully endorse the undertaking made by my child/ward.

. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .
(Signature of Mother/Father and or Guardian)

Witness . . . . . . . . . . . . . . . . . . . . . .

. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .
Signature of Mother/Father and or Guardian

Witness. . . . . . . . . . . . . . . . . . . . . .




Amala
AYURVEDIC HOSPITAL & RESEARCH CENTRE
NABH Accredited | ISO 9001:2015 | Ayur Diamond

Amala Ayurvedic Hospital & Research Centre | Amala Nagar P.O., Thrissur, Kerala
Ph: 0487 2303000 | www.amalaayurveda.org | Follow us on